പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2552 07.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി പുനരുദ്ധരിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>" ചിറ്റയം ഗോപകുമാർ<br>" കെ. രാജൻ<br>" എൽദോ എബ്രഹാം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി നഷ്ടത്തിലാകാനുള്ള കാരണങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കാരണങ്ങൾ വിലയിരുത്തി ഇതുസംബന്ധിച്ച് ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്.<br>2003-ൽ ഒരു ഉന്നതാധികാര സമിതിയെ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടത്തെപ്പറ്റി അന്വേഷിക്കുവാൻ ചുമതലപ്പെടുത്തുകയും അതനുസരിച്ച് പ്രസ്തുത സമിതി വിശദമായ പഠനം നടത്തുകയും 32 നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും അതിൻ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും അംഗീകരിക്കുകയും ചെയ്തു. ടി സമിതിയുടെ 28 നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കൂടുതൽ വിശദമായ പഠനത്തിനായി CRISIL എന്ന ഏജൻസിയെ നിയോഗിച്ചു.<br>2006-ൽ ശ്രീ. സുശീൽ ഖന്ന എന്ന സാമ്പത്തിക വിദഗ്ധനെകൊണ്ട് കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്ന് കരകയറ്റാനുള്ള പഠനം നടത്തിയിരുന്നു.<br>2008-ൽ അന്നത്തെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ.റ്റി.പി. സെൻകുമാർ കെ.എസ്.ആർ.ടി.സി. യെ നിലനിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും, പ്രസ്തുത നിർദ്ദേശങ്ങൾക്ക് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകുകയും കാബിനറ്റ് സബ് കമ്മിറ്റിയെ നിയോഗിച്ച് ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കുവാൻ |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചു. 11 നിർദ്ദേശങ്ങളോട് കൂടിയ പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിൽ മിക്ക നിർദ്ദേശങ്ങളും കോർപ്പറേഷൻ നടപ്പി ലാക്കുകയും ചെയ്തു.<br>M/s. Varma & Varma എന്ന സ്ഥാപന ത്തെ നിയോഗിച്ച് കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി 2014-ൽ ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കുകയും ആയതിൽ പ്രധാന നിർദ്ദേശ ങ്ങളിലൊന്നായ കൂടുതൽ പലിശ നിരക്കിലും കുറഞ്ഞ കാലയളവിൽ ഉള്ളതുമായ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള 1300 കോടി രൂപയുടെ വായ്പ 9 വാണിജ്യ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലയളവിലും ഉള്ള വായ്പയാക്കി മാറ്റുകയും ചെയ്തു. കൂടാതെ പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി സർക്കാർ യാത്രാ ടിക്കറ്റിന്മേൽ സെസ് ഏർപ്പെടുത്തുക യും 20 കോടി രൂപ സർക്കാർ വായ്പയായി പ്രതിമാസം കെ.എസ്.ആർ.ടി.സി.ക്ക് നൽകി വരികയും ചെയ്തിരുന്നു (നിലവിൽ ഈ തുക 27.5 കോടി രൂപയാണ്). |
| (ബി) | 2016 മാർച്ച് 31 വരെയുള്ള കെ. എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം എത്രയാണെന്ന് അറിയിക്കു മോ; | (ബി) | 2012-13 സാമ്പത്തിക വർഷത്തെ C&AG -യുടെ ആഡിറ്റ് കണക്ക് അനുസരിച്ച് സഞ്ചിതനഷ്ടം 3025.90 കോടി രൂപയാണ്.<br>2015-16 വരെ താൽക്കാലിക കണക്ക നുസരിച്ച് സഞ്ചിതനഷ്ടം 4844.21 കോടി രൂപയാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. പുനരുദ്ധരി ക്കുന്നതിന് എന്തെങ്കിലും പദ്ധതി കൾ ആലോചിക്കുന്നുണ്ടോ; വിശദ മാക്കുമോ? | (സി) | 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗ ത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി കെ.എസ്.ആർ.റ്റി.സി.യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് പരിശോധിച്ചു വരുന്നു.<br>2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ ഒഴിവാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ